(ബി) പ്രസ്തുത മിഷനിലൂടെ സംസ്ഥാനത്തെ വാണിജ്യമേഖലയുടെ സമഗ്ര വികസനത്തിന് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനായി എന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാനത്തെ വാണിജ്യ സംരംഭകത്വ പരിശീലനത്തിനും മാനേജ്മെന്റ് പഠനത്തിനുമായി നടപ്പിലാക്കിയ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റീട്ടെയിൽ മാനേജ്മെന്റ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ ;

(ഡി) സംസ്ഥാന സർക്കാരിനുപുറമേ ഏതൊക്കെ വ്യവസായ വാണിജ്യ സംഘടനകളുടെ പങ്കാളിത്തമാണ് ഈ സംരംഭത്തിന് ലഭ്യമാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വാണിജ്യമിഷൻ എന്ന പേരിൽ ഒരു സംരംഭം സർക്കാർ ആരംഭിച്ചിട്ടില്ല.

(ബി) 'എ' വിഭാഗത്തിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റീട്ടെയിൽ മാനേജ്മെന്റ് എന്ന സ്ഥാപനം ആരംഭിക്കുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചു കഴിഞ്ഞു. ഇതിലേക്കായി 2010-11 ബഡ്ജറ്റിൽ 1 കോടി രൂപ വിലയിരുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാന സർക്കാരിനു പുറമേ INKEL,Cochin International Airport Limited (CIAL), Kerala Financial Corporation എന്നീ വ്യവസായ വാണിജ്യ സംഘടനകളോടൊപ്പം ചില പ്രധാന സ്വകാര്യ വാണിജ്യ സ്ഥാപനങ്ങളുടേയും പങ്കാളിത്തം പ്രയോജനപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് INKEL നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളു.

മുത്തങ്ങ വാണിജ്യ നികുതിവകുപ്പ് ചെക്ക്പോസ്റ്റിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് സ്വീകരിച്ച നടപടികൾ

119 (2597) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ മുത്തങ്ങ വാണിജ്യനികുതി വകുപ്പ് ചെക്ക് പോസ്റ്റിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ ;

(ബി) ജില്ലയിലെ അതിർത്തി ചെക്ക്പോസ്റ്റുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കെതിരെ നിരവധി ആക്രമണമുണ്ടായിട്ടും പരാതിയിന്മേൽ പോലീസിന്റെ ഭാഗത്തുനിന്നും യാതൊരു നടപടിയുണ്ടാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മുത്തങ്ങയിൽ സംയോജിത ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിലേക്കായി നൂൽപ്പുഴ വില്ലേജിൽ 3.2213 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി വരുന്നു.

(ബി) ഇല്ല.

അറുപത് വയസ്സ് കഴിഞ്ഞ തൊഴിൽരഹിതരായ മുൻവ്യാപാരികൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി

120 (2598) ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അറുപതുവയസ്സ് കഴിഞ്ഞ തൊഴിൽരഹിതരായ മുൻ വ്യാപാരികൾക്ക് വ്യാപാരി ക്ഷേമനിധിയിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 1997-നുശേഷം അറുപതുവയസ്സ് പൂർത്തിയായവരും പത്തുവർഷം അംശദായം അടച്ചവരുമായ വ്യാപാരികൾക്ക് പെൻഷൻ നൽകുന്നതിന് എന്തെങ്കിലും നിയമ തടസ്സമുണ്ടോ ;

(സി) എങ്കിൽ നിയമതടസ്സം മാറ്റി അറുപത് വയസ്സ് കഴിഞ്ഞ പത്തു വർഷമെങ്കിലും അംശദായമടച്ച എല്ലാ വ്യാപാരികൾക്കും പെൻഷൻ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 60 വയസ്സ് പൂർത്തിയായവരും പത്ത് വർഷത്തിൽ കുറയാതെ ക്ഷേമനിധി അംഗത്വവുമുള്ള വ്യാപാരികൾക്കാണ് 1-4-2009 മുതൽ സർക്കാർ ഉത്തരവ് പ്രകാരം ജി.ഒ(എം.എസ്)നമ്പർ 207/09/നി.വ. തീയതി 19-11-2009, ജി.ഒ(എംഎസ്.)നം.110/10/നിവ. തീയതി 23-4-2010) പ്രകാരം പെൻഷൻ നൽകിവരുന്നത്. പെൻഷൻ അപേക്ഷയോടൊപ്പം തദ്ദേശ സ്ഥാപനത്തിൽ നിന്നുള്ള വ്യാപാരം നടത്തുന്നതിനായി ലഭിച്ച നടപ്പുവർഷത്തെ ലൈസൻസ് കൂടി നിർബന്ധമായി ഹാജരാക്കണമെന്നു പെൻഷൻ നിബന്ധനകൾ അടങ്ങിയ പെൻഷൻ റിപ്പോർട്ടിൽ നിഷ്കർഷിച്ചിരിക്കുന്നു. വ്യാപാരസ്ഥാപനങ്ങൾ/കടകൾ മതിയായ പെൻഷൻ ലഭിക്കാത്ത മുൻവ്യാപാരിയുടെ ചില പരാതികൾ ബോർഡിനു ലഭിച്ചിട്ടുണ്ട്. ഇത്തരം പരാതികൾ പരിശോധിച്ചു തീരുമാനമെടുക്കാനായി 12-8-2010-ൽ കൂടിയ ബോർഡ് യോഗം ക്ലെയിംസ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) സ്വാതന്ത്ര്യസമര പെൻഷൻ ഒഴിച്ച് സർക്കാരിൽ നിന്നോ കേന്ദ്രസർക്കാരിൽനിന്നോ പെൻഷൻ ലഭിക്കുന്നവർക്കു പദ്ധതിയിൽ നിന്ന് ആനുകൂല്യത്തിനു പെൻഷൻ റിപ്പോർട്ടിലെ ഖണ്ഡിക 1 പ്രകാരം അർഹത ഉണ്ടായിരിക്കുന്നതല്ല. 60 വയസ് പൂർത്തിയാക്കിയ പത്തുവർഷത്തിൽ കുറയാതെ അംഗത്വമുള്ള വ്യാപാരികൾക്കു പെൻഷൻ ലഭിക്കുന്നതിന് മേൽപറഞ്ഞവ അല്ലാതെ മറ്റു നിയമ തടസ്സങ്ങൾ ഒന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly